തിനുള്ള സ്ഥലത്തെ സംബന്ധിച്ചും സർക്കാർ ഇളവുകൾ അനുവദിക്കുന്നതിനാണ് കോടതിയുടെ താൽക്കാലിക നിരോധനം.

(ബി) ഉണ്ട്.

(സി) താൽക്കാലിക നിരോധന ഉത്തരവായതുകൊണ്ടും പാർക്കിംഗ് സൗകര്യം, തുറസ്സായ സ്ഥലം എന്നിവയുടെ കാര്യത്തിൽ ഇളവനുവദിക്കാതിരിക്കലാണ് നല്ലതെന്നതുകൊണ്ടും. അപ്പീൽ ബോധിപ്പിക്കേണ്ടതില്ല എന്നാണ് അഡ്വക്കേറ്റ് ജനറൽ സർക്കാരിന് ശുപാർശ ചെയ്തിരിക്കുന്നത്.

(ഡി) ഇരുനില വീട് നിർമ്മിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്.

120 (700) പഞ്ചായത്തുതലത്തിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിലെ കൂടുതൽ ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്ത് പഞ്ചായത്തുകളിലെ തസ്തികകളിൽ മാറ്റം വരുത്തുവാൻ പദ്ധതിയുണ്ടോ;

(ബി) പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ആവശ്യത്തിലും അധികമാവുമോ; എങ്കിൽ എത്രപേരെന്നും അവരെ എപ്രകാരം ഡിപ്ലോയ് ചെയ്യുമെന്നും വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർപരിജ്ഞാനം നൽകുന്നുണ്ടോ; എങ്കിൽ ഇതിലേക്ക് ഏതെങ്കിലും അംഗീകൃത സ്ഥാപനങ്ങളുമായി കരാറുണ്ടാക്കി ജീവനക്കാർക്ക് പരിശീലനം നൽകാനും ഒപ്പം അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകാനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്.

(ബി) ജീവനക്കാരുടെ എണ്ണം ആവശ്യത്തിലധികമാകുമെന്നു കരുതുന്നില്ല.

(സി) ഇൻഫർമേഷൻ കേരളാ മിഷന്റെ ഭാഗമായി പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഒരു പഞ്ചായത്തിൽ നിന്നും രണ്ട് ജീവനക്കാർക്ക് വീതം 25 ദിവസത്തെ പ്രായോഗിക പരിശീലനമാണ് നൽകുക. അതിനുപുറമേ പഞ്ചായത്ത് സെക്രട്ടറിമാർക്ക് 10 ദിവസത്തെ പരിശീലനവും നൽകുന്നതാണ്.

121 (701) ഗ്രാമ പഞ്ചായത്തുകളിൽ ഓവർസിയർ നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഓവർസിയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly